# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4643   18/12/2014-ലെ മറുപടിക്ക്**

**ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് 2015 ലെ പരീക്ഷക്കുവേണ്ടി ഗ്രേസ് മാർക്ക് നൽകുന്നതിന് എന്നാണ് നോട്ടിഫിക്കേഷൻ പുറത്തിറക്കിയത്; നോട്ടിഫിക്കേഷന്റെ കോപ്പി ലഭ്യമാക്കാമോ; | (എ) | 26/09/2014-ൽ. നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | NCC, NSS തുടങ്ങിയവയിൽ പ്രവർത്തിക്കുന്ന ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് രണ്ടാം വർഷം മാത്രമേ ഗ്രേസ് മാർക്ക് നൽകുകയുള്ളൂ എന്ന് നോട്ടിഫിക്കേഷനിൽ കാണിച്ചിരിക്കുന്നത് എന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | NCC കേഡറ്റുകൾക്ക് രണ്ടാം വർഷാവസാനം മാത്രമേ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ആഫീസിൽ നിന്നും ലഭിക്കാറുള്ളൂ. ആയതിനാൽ, ഇവരുടെ രണ്ടാം വർഷത്തെ ഫലത്തോടൊപ്പം മാത്രമേ ഗ്രേസ് മാർക്ക് നൽകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ NSS , NCC എന്നിവയ്ക്കു ഗ്രേസ് മാർക്ക് രണ്ടാം വർഷമേ നൽകുന്നുള്ളുവെങ്കിലും മൊത്തം സ്കോറായ 1200 പരിഗണിച്ചാണ് ഗ്രേസ് മാർക്ക് ശതമാനം കണക്കാക്കുന്നത്. |
| (സി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് ആദ്യ വർഷവും രണ്ടാം വർഷവും ക്യാമ്പുകളിലും പരേഡുകളിലും മറ്റു പ്രവർത്തനങ്ങളിലും പങ്കെടുക്കേണ്ടി വരുന്നതിനാൽ രണ്ട് വർഷവും ക്ലാസ്സുകളും പഠന സമയവും നഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | രണ്ട് വർഷത്തെയും ആകെ മാർക്കായ 1200 ന്റെ നിശ്ചിത ശതമാനം ആണോ അതോ രണ്ടാം വർഷത്തെ ആകെ മാർക്കായ 600 ന്റെ നിശ്ചിത ശതമാനമാണോ ഗ്രേസ് മാർക്കായി അനുവദിക്കുന്നത്; എത്ര ശതമാനമാണ് | (ഡി) | NCC യ്ക്കും NSS നും ആകെ സ്കോറായ 1200- ന്റെ നിശ്ചിത ശതമാനമാണ് ഗ്രേസ് മാർക്കായി അനുവദിക്കുന്നത് ഗ്രേസ് മാർക്ക് ശതമാനം ചുവടെ ചേർക്കുന്നു. |

ഗ്രേസ് മാർക്കായി അനുവദിക്കുന്നത്;

NCC

താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഹയർ സെക്കന്ററി പരീക്ഷയ്ക്ക് NCC കേഡറ്റുകൾക്ക് 10% ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

I കോർപ്പറൽ റാങ്കോ അതിന് മുകളിലോ ഉള്ള വിദ്യാർത്ഥിയായിരിക്കണം.

II വിദ്യാർത്ഥിA,B അല്ലങ്കിൽ C സർട്ടിഫിക്കറ്റ് നേടിയവരായിരിക്കണം.

III വിദ്യാർത്ഥി ഏതെങ്കിലും ഒരു കേന്ദ്രീകൃതമായി സംഘടിപ്പിച്ച ക്യാമ്പിനെ പ്രതിനിധീകരിച്ചിരിക്കണം.

IV ചുവടെ ചേർത്തിരിക്കുന്ന ക്യാമ്പുകളിൽ പങ്കെടുത്ത NCC കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

1. നേവൽ അറ്റാച്ച്മെന്റ് ക്യാമ്പ്
2. ആർമി അറ്റാച്ച്മെന്റ് ക്യാമ്പ്
3. പ്രീ റിപ്പബ്ലിക് ഡേ ക്യാമ്പ്.
4. പ്രീ നവ സൈനിക് ക്യാമ്പ്.

V 75% ഹാജർ ഉള്ള NCC കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

NSS

ഹയർ സെക്കന്ററി പരീക്ഷയ്ക്ക് NSS വോളന്റിയേഴ്സിന് NSS ലെ സ്റ്റേറ്റ് കോർഡിനേറ്ററിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന രീതിയിൽ ഗ്രേസ് മാർക്ക് നൽകുന്നതാണ്.

i NSS സർട്ടിഫിക്കറ്റ് ഉള്ള NSS വോളന്റിയേഴ്സ്-2%

ii നാഷണൽ ക്യാമ്പിൽ പങ്കെടുത്തിട്ടുള്ള NSS വോളന്റിയേഴ്സ്-3%

iii റിപ്പബ്ലിക് ദിന ക്ലാമ്പുകളിൽ പങ്കെടുത്ത NSS വോളന്റിയേഴ്സ്-5%

(ഇ) ഓരോവർഷത്തെയും ആകെ മാർക്കിന്റെ നിശ്ചിത ശതമാനം ഗ്രേസ് മാർക്ക് നൽകാനോ, അല്ലങ്കിൽ രണ്ട് വർഷത്തെയും ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ മറ്റ് വിഭാഗങ്ങൾക്ക് നൽകുന്നതുപോലെയുള്ള നിശ്ചിതശതമാനം ഗ്രേസ് മാർക്ക് നൽകാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(ഇ) രണ്ട് വർഷത്തെയും ആകെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഗ്രേസ് മാർക്ക് നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ